# വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ.ടി.വി. ഐ.എ.എസ്സ്)**

**ഉത്തരവ് നമ്പർ: ഇ6/10431/21/ WCD** **തിരുവനന്തപുരം, തീയതി :28.10.2021**

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ജീവനക്കാര്യം- പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം 2021 അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25.02.2017 ലെ സ.ഉ(പി)3/2017/ഉഭപവ.

2. ഈ കാര്യാലയത്തിൽ നിന്നുള്ള 30/04/2021 ലെ WCD-EI/4800/2021 നമ്പർ പരിപത്രം.

3. ജീവനക്കാരുടെ അപേക്ഷകൾ.

4. ഈ കാര്യാലയത്തിലെ 07.09.2021 തീയതിയിലെ മേൽ നമ്പർ ഉത്തരവ്.

വനിതാ ശിശു വികസന വകുപ്പിലെ ജീവനക്കാരിൽ നിന്നും 2021 വർഷത്തെ പൊതു സ്ഥലംമാറ്റത്തിനായി പരാമർശം (2) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ജീവനക്കാരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ചും ഭരണപരമായ സൗകര്യാർത്ഥവും ഒന്നാം പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി സ്ഥലംമാറ്റ ഉത്തരവിന്റെ കരട് രൂപം പരാമർശം (4) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിൻമേൽ ലഭിച്ച അപ്പീൽ/ആക്ഷേപങ്ങൾ പരിശോധിച്ച് മാനദണ്ഡപ്രകാരം അർഹമായ അപേക്ഷകൾ പരിഗണിച്ച് ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥലംമാറ്റം അനുവദിക്കാവുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|---|
| 1 | ശ്രീമതി.മറിയംബീവി | ICDS അഞ്ചാലുംമൂട് | ICDS ചവറ | അപേക്ഷ |
| 2 | ശ്രീ.അബ്ദുൾ ഖാദർ.കെ.എം | ICDS കൊച്ചി അർബൻ 1 | ICDS മൂവാറ്റുപുഴ | അപേക്ഷ |

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ അതാത് കാര്യാലയമേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/ പ്രവേശനം സംബന്ധിച്ച വിവരം ഈ

കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട്, ഐടി സെൽ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Suniah

സൂപ്രണ്ട്